(ഡി മുതൽ എഫ്) ഘട്ടംഘട്ടമായാണ് ഈ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നത്. ഇപ്പോൾ 20 എണ്ണത്തിൽ സംവിധാനങ്ങൾ പൂർത്തീകരിച്ച് സർട്ടിഫൈ ചെയ്തിട്ടുണ്ട്. 17 എണ്ണത്തിന്റെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തി പുരോഗമിച്ചു വരുന്നു. മറ്റുള്ളവരുടെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ത്വരിതപ്പെടുത്തുന്നതാണ്.

(ജി) കേന്ദ്ര സർക്കാരിന്റെ കീഴിൽ യൂണിസെഫ് സ്പോൺസേർഡ് പദ്ധതിയിലാണ് ഇത് നടപ്പിലാക്കിവരുന്നത്

മരുന്നു വാങ്ങുന്നതിനായി ചെലവായ തുക

144(1632)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ആശുപത്രികളിൽ മരുന്നു വാങ്ങുന്നതിനായി എന്തു തുക വീതം ചെലവാക്കിയിട്ടുണ്ട്;

(ബി) മരുന്നു വാങ്ങുന്നതിന് മേൽപ്പറഞ്ഞ ഓരോ വർഷവും ഉണ്ടായ പ്രതിശീർഷ ചെലവ് എത്ര വീതമാണ്;

(സി) ആശുപത്രികളിൽ ഇൻപേഷ്യന്റ് ചികിത്സക്കെത്തിയവരുടെ അടിസ്ഥാനത്തിൽ ഈ ഓരോ വർഷവും ആളൊന്നുക്ക് എന്തു തുകയുടെ വീതം മരുന്നു വാങ്ങി;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ താലൂക്ക് ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നീ ഗണങ്ങളിൽപ്പെട്ട ഓരോ ആശുപത്രിക്കും ഈ കാലഘട്ടത്തിൽ ഓരോ വർഷവും എന്തു തുകയ്ക്കുള്ള മരുന്നു വീതം നൽകിയിട്ടുണ്ട്;

(ഇ) ആശുപത്രിയിൽ വരുന്ന രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും നൽകുവാൻ സർക്കാരിന് പരിപാടിയുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല. എന്നാൽ അത്യാവശ്യമരുന്നുകൾ ഇപ്പോൾ സൗജന്യമായി നൽകി വരുന്നുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

145(1633) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡോക്ടർമാർ, മറ്റു വിഭാഗം ജീവനക്കാർ എന്നിവരുടെ ജോലി സമയം നിർണ്ണയിച്ചിരിക്കുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നിലവിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഏകീകൃത സമയം നിശ്ചയിച്ചിട്ടില്ല. ഏകീകൃത സമയം നിശ്ചയിക്കാനുള്ള ഒരു പ്രൊപ്പോസൽ പരിശോധനയിലുണ്ട്.

(സി) പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നതിന് ശേഷം പി.എച്ച്.സി.കളുടെ നടത്തിപ്പും നിയന്ത്രണവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകൾ

146 (1634)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്; അതിന് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര പി.എച്ച്.സി.കൾ ഡി.എച്ച്.സി.കളായി ഉയർത്തിയിട്ടുണ്ട്;

(സി) ഇവ ഏതൊക്കെ സ്ഥലങ്ങളിലാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25 എണ്ണം. നിലവിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിനും പുതിയവ തുടങ്ങുന്നതിലേക്കുമായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 18 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും 7 ഗവൺമെന്റ് ആശുപത്രികളെയുമാണ് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്.

(സി) പി.എച്ച്.സി. മണമ്പൂർ, വെള്ളറട, എഴുമറ്റൂർ, മുതുകുളം, മുഹമ്മ, ബറുന്നുറ്റിമംഗലം, ഇടയരിക്കപുഴ, രാജക്കാട്, ചെങ്ങമനാട്, കീച്ചേരി, വാടാനപ്പള്ളി, ചേലക്കര, അഗളി, ചേർപ്പുളശ്ശേരി, താനൂർ, ഉള്ളേരി തിരുവള്ളൂർ, ബഡിയഡുക്ക എന്നീ പി.എച്ച്.സി.കളേയും, കടയ്ക്കൽ, മയ്യനാട്, അരീക്കോട്, താമരശ്ശേരി, കൽപ്പറ്റ, പരവൂർ, പാപ്പിനിശ്ശേരി എന്നീ ഗവൺമെന്റ് ആശുപത്രികളേയുമാണ് സി.എച്ച്.സി.കളായി ഉയർത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly